www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol.1 Issue 3 April. 1 - 15, 2006

# കുരിശിലെ പ്രത്യാശ

ഫാ. ജോസി ഏബ്രഹാം അട്ടച്ചിറ

ക്രിസ്തീയ ജീവിതം സഹനത്തിന്റെ മാർഗ്ഗമാണ്, കുരിശിന്റെ പാതയാണ്. കുരിശ് കഷ്ടതയുടെയും യാതനയുടെയും പ്രതീകമാണ്. മനുഷ്യന്റെ ദിനംതോറുമുള്ള അരക്ഷിതാവസ്ഥയെ തന്റെ ചുമലിൽ വഹിച്ച് കാൽവറിയിലെ കുരിശിന്റെ രക്ഷാകരഫലങ്ങൾ പ്രദാനം ചെയ്യുവാൻ യേശുക്രിസ്തു മനുഷ്യാവതാരം ചെയ്തു. 'എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു,..... യേശു തമ്പുരാൻ ഇത് അരുളിചെയ്യുമ്പോൾ ആയത് ജാതിമതഭേതമെന്യെ കഷ്ടതകൾ സഹിക്കുന്ന ഏതൊരു വ്യക്തിയേയും ഉദ്ദേശിച്ചാണെന്ന് വ്യക്തമാകുന്നു. കഷ്ടത സഹിക്കുന്ന മനുഷ്യനുമായി യേശുതമ്പുരാൻ ഒന്നായിത്തീരുന്നു. ശൗൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചപ്പോൾ നീ എന്തിന് എന്റെ അനുയായികളെ പീഡിപ്പിക്കുന്നുയെന്നല്ല കർത്താവ് ചോദിച്ചത്. "ശൗലെ, ശൗലെ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്" എന്നായിരുന്നു കർത്താവിന്റെ ശബ്ദം (അപ്പോ. പ്രവ. 9).



'എന്റെ നുകം വഹിക്കുക' എന്ന് യേശു പറയുമ്പോൾ, മനുഷ്യന്റെ എല്ലാ പ്രയാസങ്ങളും തന്റെ തന്നെ കുരിശിന്റെ ഭാഗമായി യേശു ഉൾക്കൊള്ളുന്നു. കർത്താവ് തന്റെ കുരിശ് വഹിച്ചതുപോലെ നാമും നമ്മുടെ കുരിശ് ചുമന്നാൽ നാം ക്രിസ്തുവിന്റെ കുരിശിന്റെ പാതയിൽ ആയിത്തീരുന്നു.

സഹനത്തിന്റെ മാർഗ്ഗത്തെപ്പറ്റി എത്ര തന്നെ ഗ്രഹിച്ചാലും അറിഞ്ഞാലും ദൈനംദിന ജീവിതത്തിൽ പ്രായോഗികതയിൽ വരുമ്പോൾ നാം ദുർബലരായിത്തീരുന്നു, സഹിപ്പാൻ ത്രാണിയില്ലാത്തവരായിത്തീരുന്നു. കുരിശിനെ നാം പഴിക്കുകയും ശപിക്കുകയും ചെയ്യുന്നു. കുറേനക്കാരൻ ശിമോൻ നിർബന്ധത്തിന് വഴങ്ങി മാത്രമാണ് കർത്താവിന്റെ കുരിശ് ചുമക്കാൻ തയ്യാറായത്. എങ്കിലും രക്ഷാകര പദ്ധതിയുടെ പങ്കാളിയായിത്തീർന്നു. പറുദീസായുടെ അനുഭവത്തിനായി വാഞ്ചിക്കുന്ന നമുക്ക് കർത്താവിന്റെ സന്ധിയില്ലാത്ത വ്യവസ്ഥ പാലിക്കുവാൻ മനസ്സൊരുക്കമില്ല: 'തന്റെ കുരിശെടുത്ത് തന്നെ അനുഗമിക്കുക' കർത്താവിനെ അനുഗമിച്ച ശിഷ്യന്മാർക്ക് പോലും അതിന് സാധിച്ചിരുന്നില്ല. സെബദിപുത്രൻമാരായ യാക്കോബും യോഹന്നാനും യേശുവിനോട് അപേക്ഷിച്ചു. നിന്റെ മഹത്വത്തിൽ ഞങ്ങളിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിക്കാൻ വരം നൽകേണം. യേശു അവരോട് നിങ്ങൾ യാചിക്കുന്നത് ഇന്നതെന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏൽക്കുന്ന സ്നാനം ഏൽപ്പാനും നിങ്ങൾക്ക് കഴിയുമോ എന്ന് ചോദിച്ചതിന് കഴിയും എന്ന് അവർ പറഞ്ഞു. യേശു അവരോട് "ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏൽക്കുന്ന സ്നാനം ഏൽക്കുകയും ചെയ്യും നിശ്ചയം. എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നതോ എന്റേതല്ല; ആർക്ക്

തുടർച്ച 2 -ാം പേജിൽ

## സമുദായക്കേസ്

# ദിദിമോസ് പ്രഥമൻ ബാവായെ: കക്ഷി ചേർക്കാൻ പാടില്ല മെത്രാൻ കക്ഷികൾ

സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സമുദായ കേസിൽ കാലം ചെയ്ത മാർത്തോമ്മ മാത്യൂസ് ദ്വിദീയൻ ബാവയ്ക്ക് പകരമായി പുതിയ ബാവാ കക്ഷിചേരാൻ കൊടുത്ത നടപടിയെ ചോദ്യം ചെയ്തുകൊണ്ട് മെത്രാൻ കക്ഷികൾ സുപ്രീംകോടതിയെ സമീപിച്ചിരിക്കുന്നു. മലങ്കര മെത്രാപ്പോലീത്താ കാതോലിക്കാ എന്നീ നിലകളിൽ സമുദായകേസിൽ തന്നെ കക്ഷി ചേർക്കണമെന്നാണ് അദ്ദേഹം സുപ്രീം കോടതിയിൽ അപേക്ഷ നൽകിയിരിക്കുന്നത്.

എന്നാൽ ദിദിമോസ് പ്രഥമൻ 1934ലെ സഭാ ഭരണഘടനാ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥാനിയല്ലാത്തതിനാൽ അദ്ദേഹത്തിന് കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നീ നിലകളിൽ പ്രവർത്തിക്കാൻ അർഹതയില്ലായെന്ന് മെത്രാൻ കക്ഷികൾ സുപ്രിം കോടതയിൽ സമർപ്പിച്ച ഹർജിയിൽ പറയപ്പെടുന്നു.

ദിദിമോസ് ബാവയുടെ സ്ഥാനാരോഹണത്തെ ചോദ്യം ചെയ്ത് കോട്ടയം എറണാകുളം മുൻസിഫ് കോടതികളിൽ കേസുകൾ നൽകിയിട്ടുള്ള കെ.ജെ വിനോദ് കൂട്ടിയ്ക്കൽ, പി. വി മാത്യു പന്തളം , വി. എസ് ജോണി, ഗീവർഗീസ് പൗലോസ് എന്നിവർ തന്നെയാണ് സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്.

1934 ലെ ബരണഘടനയ്ക്ക് വിധേയമായിട്ടേ കാതോലിയ്ക്കായെയും , മലങ്കര മെത്രാപ്പോലീത്തായെയും തിരഞ്ഞെടുക്കാനാവൂ. എന്നാൽ ദിദിമോസ് പ്രഥമനെ അസോസിയേഷൻ യോഗം ചേർന്ന് തിരഞ്ഞെടുത്തിട്ടില്ലാത്തതാണ്. അദ്ദേഹത്തിന്റെ

Sponsored by: Mor Adai Study Centre http://moradaistudycentre.cjb.net

സ്ഥാനാരോഹണം അസാധുവാക്കണമെന്നും, മലങ്കര സഭയുടെ പൊതുസ്വത്തുക്കൾ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് അവകാശമില്ലെന്നും ഹർജിക്കാരൻ വാദിക്കുന്നു.

ഇതിനിടയിൽ സുപ്രീം കോടതിയിൽ വാദത്തിലിരിക്കുന്ന സമുദായ കേസിൽ അഭിഭാഷകരെ മാറ്റണമെന്ന് ആവശ്യവുമായി പുതിയ തർക്കങ്ങൾ തുടങ്ങിയിരിക്കുന്നു. കാലം ചെയ്ത മാത്യൂസ് ദ്വിതീയൻ ബാവയുമായി അടുപ്പമുള്ളവരാണ് ഇപ്പോൾ അഭിഭാഷകരായി പ്രവർത്തിക്കുന്നത്. ഇവർക്ക് പകരം പുതിയ ബാവായുമായി അടുപ്പമുള്ളവരെ നിയമിക്കണമെന്ന മുറവിളി തുടങ്ങി.

സീനിയർ അഭിഭാഷകരായ എഫ്. എസ്. നരിമാൻ, പുത്രൻ റാഹിൻടൺ നരിമാൻ, സി.സി ജോസഫ്, കെ. ജോർജ്ജ്, സദറുൾ അനം എന്നിവരായിരുന്നു കേസ് വാദിച്ചിരുന്നത്. വിജയകരമായി കേസുകൾ നടത്തിയിരുന്ന ഇവർക്ക് ദിദിമോസ് പ്രഥമൻ ബാവയെ എതിർക്കുന്ന വിഭാഗവുമായി ബന്ധമുണ്ടെന്ന് ആ പക്ഷം ആരോപിക്കുന്നു.

സമുദായ കേസ് പുതിയ നിലയിലേക്ക് മാറുമ്പോൾ അഭിഭാഷകമാറ്റം പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് എതിർഗ്രൂപ്പ് ആരോപിക്കുന്നു. സഭാ കേസിൽ തഴക്കവും പഴക്കവുമുള്ള സീനിയർ അഭിഭാഷകൻ എഫ്. എസ്. നരിമാനെ മാറ്റുന്നത് കേസിനു ദോഷകരമായി ഭവിക്കുമെന്ന് ഇവർ കരുതുന്നത്. ഇപ്പോൾ പുതിയ കേസുകൾ നടത്തുന്നത് ബി. ജി. ഭാസ്കർ, കെ. ശ്രീകുമാർ ടീമാണ്.

## നിര്യാതനായി



ചെങ്ങളം: ആര്യാടൻപാക്കൽ പരേതനായ എ.എം. മാത്തന്റെ പുത്രൻ എ.എം. മാത്യു (തമ്പി, 69) മാർച്ച് 19 ന് നിര്യാതനായി. ശവസംസ്ക്കാരം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും കൊച്ചി, നിരണം, അങ്കമാലി (സഹായ മെത്രാപ്പോലിത്ത) എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലിത്തായുമായ അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിലും വന്ദ്യ കോറെപ്പിസ്കോമ്മാർ, വന്ദ്യ ഗീവറുഗീസ് തെങ്ങുംതറയിൽ റമ്പാൻ, വന്ദ്യ വൈദീക ശ്രേഷ്ഠർ എന്നിവരുടെ സഹകാർമ്മികത്വത്തിൽ ചെങ്ങളം സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ നടത്തി. പരേതൻ ദുർഗാപൂർ സ്റ്റീൽ പ്ലാന്റ് ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ പൊന്നമ്മ മാത്യു ചെങ്ങന്നൂർ ഇടനാട് തയ്യിൽ കുടുംബാംഗമാണ്. മക്കൾ മനോജ് മാത്യു (സഭാ മാനേജിംഗ് കമ്മറ്റിയംഗം, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, സഭാ എഡ്യുക്കേഷൻ ട്രസ്റ്റ് ബോർഡ് അംഗം, വിശ്വാസ സംരക്ഷകൻ എഡിറ്റോറിയൽ ബോർഡ് അംഗം) (കെ. എസ്. ഇ. ബി) മിനിമാത്യു, മധു മാത്യു ( എം.ആർ. എഫ്. വടവാതൂർ) മരുമക്കൾ രാജു എൻ വർഗ്ഗീസ് (നാപ്പാത്ത്, പാറമ്പുഴ) ഷീബ മനോജ് (കുമരകം), ഐവി മധു (ഒളശ). ശ്രേഷ്ഠ കാതോലിക്ക ബാവ രോഗാവസ്ഥയിൽ ആശുപത്രിയിലെത്തി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ആശ്വസിപ്പിക്കുകയും ചെയ്തു.

ശ്രീ മനോജ് മാത്യുവിന്റെ പിതാവിന്റെ വേർപാടിൽ വിശ്വാസസംരക്ഷകൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെ അഗാധമായ ദു:ഖം അറിയിക്കുന്നു.

## കുരിശിലെ.....

ഒരുക്കിയിരിക്കുന്നുവോ എവർക്ക് കിട്ടും എന്ന് പറഞ്ഞു. മഹത്വത്തിൽ പ്രവേശിക്കാൻ യേശു തമ്പുരാൻ അവരിൽ നിന്ന് ആവശ്യപ്പെട്ടത് എന്ത് എന്ന് അവർ അപ്പോൾ മനസ്സിലാക്കിയിരുന്നില്ല. അവരുടെ മറുപടി അത് വ്യക്തമാക്കുന്നു. കുരിശിന്റെ അർത്ഥം ശരിയായി ഗ്രഹിപ്പാൻ അവർക്ക് സാധിച്ചിരുന്നില്ല. കുരിശിന്റെ മാർഗ്ഗത്തിൽകൂടെ മാത്രമേ രക്ഷയുടെ അനുഭവത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു. സഹനത്തിന്റെ അനന്തരഫലം പ്രത്യാശയുടെ അനുഭവമാണ്. ഈ ലോകത്തിന്റെ കഷ്ടപ്പാടുകളെയും ദു:ഖങ്ങളെയും കുറിച്ച് യേശുതമ്പുരാൻ ഇപ്രകാരം തന്റെ ശിഷ്യന്മാരെ ഉറപ്പിക്കുന്നു.

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ കരഞ്ഞ് വിലപിക്കും ലോകമോ സന്തോഷിക്കും നിങ്ങൾ ദു:ഖിക്കും; എന്നാൽ നിങ്ങളുടെ ദു:ഖം സന്തോഷമായിത്തീരും. സ്ത്രീപ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നത്കൊണ്ട് അവൾക്ക് ദു:ഖം ഉണ്ട്, കുഞ്ഞിനെ പ്രസവിച്ചശേഷമോ ഒരു മനുഷ്യൻ ലോകത്തിലേയ്ക്ക് പിറന്നിരിക്കുന്ന സന്തോഷം നിമിത്തം അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല. അങ്ങനെ നിങ്ങൾക്കും ഇപ്പോൾ ദു:ഖം ഉണ്ട് എങ്കിലും ഞാൻ പിന്നെയും നിങ്ങളെകാണും, നിങ്ങളുടെ ഹൃദയം സന്തോഷിക്കും, നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല (യോഹ. 16:20-22).

കുരിശിന്റെ അനുഭവത്തിലേയ്ക്ക് യേശു തമ്പുരാൻ നമ്മ ഉറപ്പിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക് കഷ്ടതയുണ്ട് ധനവാന്റെയും ലാസറിന്റെയും ഉപമവഴിയായി യേശു തമ്പുരാൻ നമ്മെ പഠിപ്പിക്കുന്നു, ലാസറിന്റെ ദാരിദ്ര്യവും കഷ്ടതകളുമാണ് അവനെ അബ്രഹാമ്യ സാമീപ്യത്തിന് അർഹനാക്കിയത്. അബ്രഹാം ധനവാനോട് പറയുന്നു. മകനേ നിന്റെ ആയുസ്സിൽ നീ നൻമയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്ന് ഓർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു. നീയോ, വേദന അനുഭവിക്കുന്നു.

വിശുദ്ധന്മാർ സഹനത്തിലൂടെ എളിമയും വിനയവും അഭ്യസിക്കുന്നവരാണ്. വി. പൗലോസ് തന്റെ ശാരീരിക പീഡകളെ നിഗളിച്ചുപോകാതെ ക്രിസ്തുവിൽ പ്രശംസിക്കേണ്ടതിന് ഞെരുക്കം സഹിപ്പാൻ ഇഷ്ടപ്പെടുന്നു.

നമുക്ക് ഈ ലോകജീവിതത്തിൽ അനുദിനം വന്നുഭവിക്കുന്ന കഷ്ടതകളും പ്രയാസങ്ങളും ദൈവം നമ്മെ കൈവിട്ടതുകൊണ്ടാണെന്ന് നാം പലപ്പോഴും ശങ്കിക്കുന്നു. ഓരോ പ്രയാസങ്ങളിലും ദുരിതങ്ങളിലും അതിനെ അതിജീവിക്കാൻ ദൈവം തരുന്ന ത്രാണിയെ ആർജ്ജിക്കുവാൻ നാം ശ്രമിക്കുന്നതാണ് ക്രിസ്തീയ ജീവിതം. സഹനത്തിന്റെ പാതയിലൂടെ വിളിക്കപ്പെട്ട വിളിക്കുയോഗ്യമാക്കുന്ന രീതിയിൽ ജീവിക്കുവാൻ നമുക്ക് സാധിക്കും എങ്കിൽ നാം ക്രിസ്തുവിന്റെ കുരിശിനോട് താദാത്മ്യം പ്രാപിക്കുന്നവരാകുന്നു. കഷ്ടപ്പാടുകൾ ദൈവത്തിന്റെ ശിക്ഷയല്ലെന്ന് മാത്രമല്ല, ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ക്രിസ്തുവോടൊപ്പമുള്ള പങ്കുചേരൽകൂടിയാണ്.

പ. പത്രോസ് ശ്ലീഹാ നമ്മെ ഉറപ്പിക്കുന്നു. നിങ്ങൾ പരീക്ഷക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വ കാര്യം നിങ്ങൾക്ക് വന്നുകൂടി എന്ന് വച്ച് അതിശയിച്ച് പോകരുതെ. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.

പ. പൗലോസ്ശ്ലീഹാ സാക്ഷീകരിക്കുന്നു. "ക്രൂശിന്റെ വചനം നശിച്ച് പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. നാശത്തിന്റെ സന്തതികൾക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിൽ വസിക്കുന്നവർക്ക് അത് ദൈവത്തിന്റെ ശക്തിയത്രെ.

യേശുക്രിസ്തുവിന്റെ പീഢാസഹനത്തിൽ നമുക്ക് പങ്കുകാരാകാം. അവന്റെ ക്രൂശിൽ ആശ്രയിക്കാം. നമ്മുടെ കുരിശുകൾ പ്രത്യാശയുടെ അടയാളങ്ങളാക്കിമാറ്റാം. ഉയർപ്പിന്റെ പ്രത്യാശയിൽ സന്തോഷിക്കാം. കഷ്ടതയിൽ ചരിക്കുന്നവർക്ക് സഹനത്തിൽക്കൂടി ഉയർപ്പിന്റെ നല്ല ആശംസകൾ നേരുന്നു.

# സഭയും ആനുകാലിക രാഷ്ട്രീയവും

## സഭാ സെക്രട്ടറി തമ്പുജോർജ്ജ് തുകലൻ പ്രതികരിക്കുന്നു

**പരിശുദ്ധ സഭയും ആനുകാലിക രാഷ്ട്രീയ സ്ഥിതിയെക്കുറിച്ചും വിശ്വാസ സംരക്ഷകൻ ചീഫ് എഡിറ്റർ ബിബി ഏബ്രഹാമുമായി നടത്തിയ സംഭാഷണങ്ങളിൽ നിന്ന്**

1. യാക്കോബായ സഭ യു.ഡി.എഫ് ഭരണത്തെ എങ്ങനെ നോക്കികാണുന്നു ?

വ്യക്തിപരമായ എന്റെ അഭിപ്രായത്തിൽ ഈ ഗവൺമെന്റിന്റെ ആദ്യ മൂന്നു വർഷക്കാലം പ്രതീക്ഷക്കൊത്ത് നല്ല പ്രവർത്തനം കാഴ്ച വയ്ക്കുവാൻ കഴിഞ്ഞില്ല. മുന്നണിക്കുള്ളിലെ പ്രശ്നങ്ങളായിരുന്നു അതിന് കാരണമെന്ന് തോന്നുന്നു. എന്നാൽ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനം പ്രതീക്ഷ നൽകുന്നതായിരുന്നു എന്ന് പറയുവാൻ കഴിയും.

2. കഴിഞ്ഞ 5 വർഷത്തെ ഭരണകാലത്ത് സഭയ്ക്ക് നീതി ലഭിച്ചോ ?



പലകാര്യങ്ങളിലും നീതിപൂർവ്വമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ നീതി നിഷേധിക്കപ്പെട്ട അനുഭവങ്ങൾ പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട് എന്ന് പറയേണ്ടിയിരിക്കുന്നു. ജനാധിപത്യഭരണസംവിധാനം നിലനിൽക്കുന്ന ഈ രാജ്യത്ത് പലപ്പോഴും പരി. സഭയിലെ ദൈവാലയങ്ങളിലെ ഭൂരിപക്ഷ തീരുമാനത്തിന് സംരക്ഷണം നൽകുവാൻ ഗവൺമെന്റിന് സാധിക്കാതെ വന്നിട്ടുള്ളത് നീതികരിക്കുവാൻ സാധിക്കുകയില്ല.

3. കോട്ടയം കാതോലിക്കായുടെ മണർകാട് പള്ളിപ്രവേശന തീരുമാനത്തെ ഗവൺമെന്റ് കൈകാര്യം ചെയ്ത രീതിയെ എങ്ങനെ വിലയിരുത്താം ?

യാക്കോബായ സഭയുടെ പുണ്യതീർത്ഥാടന കേന്ദ്രമായ മണർകാട് പള്ളിയിൽ കോട്ടയം കാതോലിക്കാ പ്രവേശിച്ചിരുന്നുവെങ്കിൽ അത് കേരളത്തിലെ ഏറ്റവും വലിയ ദുരന്തമായി മാറിയേനെ എന്ന് ഞാൻ കരുതുന്നു. തീർച്ചയായും ഗവൺമെന്റിന്റെയും, ജില്ലാ ഭരണകൂടത്തിന്റെയും സമചിത്തതയോടും, കരുതലോടും കൂടിയ സമീപനം മൂലം അനിഷ്ട സംഭവങ്ങൾ ഒഴിവായി എന്നു പറയുന്നതിൽ സന്തോഷമുണ്ട്.

4. ഹൈക്കോടതി വിധിയെ ഗവൺമെന്റ് റിപ്പോർട്ട് സ്വാധീനിച്ചിരുന്നോ ?

ഓർത്തഡോക്സ് വിഭാഗം ഹൈക്കോടതിയിൽ നൽകിയ പോലീസ് പ്രൊട്ടക്ഷൻ ഒ.പി. യിൽ ഗവൺമെന്റും കക്ഷിയായിരുന്നു. 1995 ലെ സുപ്രീംകോടതിയുടെ അടിസ്ഥാനത്തിൽ നടന്ന വാദത്തിൽ യാക്കോബായ സഭയുടെ നിലപാടുകൾ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് ശരിയാണ് എന്ന് കണ്ടെത്തുകയാണ് ഉണ്ടായത്. പരി. സഭയ്ക്ക് നിയമപരമായ വിജയമാണ് കൈവരിക്കുവാൻ സാധിച്ചത്.

ശ്രേഷ്ഠ കാതോലിക്ക ബാവയുടെ ധീരമായ നേതൃത്വവും, പരി. സഭയെ സ്നേഹിക്കുന്ന അനേകായിരങ്ങളുടെ പ്രാർത്ഥനയും, കേസു നടത്തിപ്പിലെ പൂർണ്ണതയും ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരിക്കുന്നു.

5. കണ്യാട്ടുനിരപ്പ് പള്ളി പ്രശ്നത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ നീതികരിക്കാമോ ?

കണ്യാട്ടുനിരപ്പ് പള്ളി പ്രശ്നത്തിൽ ഗവൺമെന്റ് നൽകിയതായ ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടില്ല. മഹാ ഭൂരിപക്ഷത്തിന് അവരുടെ വിശ്വാസത്തിന് അനുസൃതമായിട്ടുള്ള ആത്മീയ ആവശ്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. പരി. സഭയിലെ മെത്രാപ്പോലീത്തയടക്കം, വൈദീകർക്കും, വിശ്വാസികൾക്കും പോലീസ് മർദ്ദനമേൽക്കുവാൻ ഇടവന്നത് ഏറ്റവും ഹീനമായ നടപടിയായി പരി. സഭ കാണുന്നു

6. മന്ത്രിസഭ ഉപസമിതി നീതിയോടെ പ്രവർത്തിച്ചോ. മന്ത്രിസഭ ഉപസമിതി പരാജയപ്പെടാൻ കാരണമെന്ത്?

ഓർത്തഡോക്സ് വിഭാഗത്തിന്റെ നിസ്സഹകരണവും, ആത്മാർത്ഥതയില്ലാത്ത സമീപനവും മന്ത്രിസഭ ഉപസമിതിക്ക് വേണ്ടനിലയിൽ പ്രവർത്തിക്കുവാൻ തടസ്സമായി തീർന്നു. അതുപോലെതന്നെ തീരുമാനങ്ങൾ എടുത്തു നടപ്പാക്കുന്നതിൽ ഉപസമിതി പരാജയപ്പെട്ടു.

7. എ. കെ. ആന്റണി ഭരണത്തെ എങ്ങനെ വിലയിരുത്തുന്നു ?

രാഷ്ട്രീയത്തിലെ മാന്യമായ വ്യക്തിത്വത്തിന് ഉടമയാണ് അദ്ദേഹം. എന്നാൽ സ്വന്തം മുന്നണിയിലെ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു.

8. ആലുവയിലെ പോലീസ് നടപടി എങ്ങനെ വീക്ഷിക്കുന്നു ?

കേരളചരിത്രത്തിലെ ഏറ്റവും ഹീനമായ നടപടി. വൈദീകരടക്കം അനേകർക്ക് ഏൽക്കേണ്ടിവന്ന പീഢനങ്ങൾ ജനാധിപത്യ കേരളത്തിൽ ഇനി ഒരു വിഭാഗത്തിനും ഉണ്ടാകുവാൻ ഇടവരാതിരിക്കട്ടെ. ഭീതി നിറഞ്ഞതായ അനുഭവങ്ങൾ മറക്കുവാൻ സാധിക്കുന്നില്ല.

9. പോലീസ് നടപടിക്ക് സഭാമക്കൾ ഉത്തരവാദി ആയിരുന്നോ ?

സഭാവിശ്വാസികൾ ഒരുതരത്തിലും ഉത്തരവാദികൾ ആയിരുന്നില്ല. മറിച്ച് വിഷയങ്ങൾ വഷളായതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഗവൺമെന്റ് പ്രതിനിധികൾക്കും, അധികാരികൾക്കും. ഒഴിഞ്ഞുമാറുവാൻ സാധിക്കുകയില്ല. ഒരുപറ്റം സമൂഹ്യദ്രോഹികളുടെ നടപടികൾ പ്രശ്നങ്ങൾ വഷളാകുന്നതിന് കാരണമായിത്തീർന്നു.

10. ആലുവ പോലീസ് ക്യാമ്പിൽ നടന്ന നടപടികളെ എങ്ങനെ ന്യായീകരിക്കുവാൻ സാധിക്കും.

ആലുവ പോലീസ് ക്യാമ്പിൽ വച്ചുണ്ടായ മൃഗീയമായ പീഢനത്തിന് ഉത്തരവാദികൾ ജില്ലാ പോലീസ് അധികാരികളാണ് എന്ന് പറയാതെവയ്യ. പീഢനത്തിന് ഇരയായവരിൽ നിന്നും ലഭിച്ചതായ വിവരങ്ങൾ ഭീതി ജനിപ്പിക്കുന്നതായിരുന്നു. ഇത്ര മനുഷ്യത്വരഹിതമായി എങ്ങനെ പ്രവർത്തിക്കുവാൻ കഴിഞ്ഞു.

# തമ്പുജോർജ്ജ് തുകലൻ പ്രതികരിക്കുന്നു

11. ആലുവ പ്രശ്നത്തിൽ ഗവൺമെന്റിന്റെ തുടർനടപടികൾ സഭയ്ക്ക് നീതിലഭിച്ചു എന്നു കരുതുന്നുണ്ടോ ?

ഒരു അന്വേഷണ കമ്മീഷനെ ഗവൺമെന്റ് നിയമിച്ചു. കുറ്റക്കാരായ ഏതാനും പോലീസുകാരെ സസ്പെൻഡു ചെയ്തു ?

12. യു.ഡി.എഫ് ഗവൺമെന്റിന്റെ ഭാഗമായ യാക്കോബായ സഭാ എം. എൽ.എ മാർ ഈ പ്രശ്നത്തിൽ ഏത് അറ്റം വരെ ഇടപെട്ടു ?

യാക്കോബായ സഭയിലെ ജനപ്രതിനിധികളുടെ സമീപനത്തിൽ പരി. സഭയ്ക്കുവേണ്ടി കൂടുതൽ പ്രവർത്തിക്കുവാൻ സാധിക്കുമായിരുന്നു.

13. ജില്ലാ ഭരണകൂടം നീതിയോടെ പ്രവർത്തിച്ചു എന്ന് കരുതുന്നുണ്ടോ. വിവരിക്കാമോ ?

എറണാകുളം ജില്ലാകളക്ടർ പ്രശ്ന പരിഹാരത്തിന് മുൻകൈ എടുത്തിരുന്നു. എന്നാൽ ആലുവയിൽ പോലീസ് അതിക്രമം നടന്ന ദിവസം അദ്ദേഹം സ്ഥലത്തുണ്ടായിരുന്നില്ല.

14. ആലുവ വിഷയങ്ങളിൽ പ്രതിപക്ഷത്തിന്റെ സമീപനം എന്തായിരുന്നു ?

ശ്രേഷ്ഠ ബാവായുടെ ഉപവാസ പ്രാർത്ഥന തുടരുന്ന സമയത്ത് പ്രതിപക്ഷ നിരയിലെ സമുന്നതരായ നേതാക്കൾ ശ്രേഷ്ഠ ബാവായെ സന്ദർശിക്കുകയും, അനുഭാവം പ്രകടിപ്പിക്കുകയും ചെയ്തത് സഭ നന്ദിയോടുകൂടി സ്മരിക്കുന്നു.

15. കടമറ്റം, കോലഞ്ചേരി പള്ളി പ്രശ്നപരിഹാരത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടിയെ എങ്ങനെ നോക്കികാണുന്നു. ഗവൺമെന്റ് സമീപനത്തിൽ തൃപ്തനാണോ ?

ഇരുസഭകളിലെയും വിശ്വാസികൾ പള്ളിതുറക്കണമെന്ന ലക്ഷ്യത്തോടെ യോജിച്ചു പ്രവർത്തിച്ചതിന്റെ ഫലമായാണ് കോലഞ്ചേരി, കടമറ്റം എന്നീ പള്ളികൾ തുറക്കുവാൻ കാരണമായി തീർന്നത്. തീർച്ചയായും ഗവൺമെന്റിന്റെയും, ജില്ലാ ഭരണകൂടത്തിന്റെയും, പ്രത്യേകിച്ച് ബഹു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെയും ആത്മാർത്ഥമായ ശ്രമങ്ങളെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. ശ്രേഷ്ഠ കാതോലിക്കാ ബാവായും യാക്കോബായ സഭയും ആ നീക്കത്തെ പൂർണ്ണമനസ്സോടുകൂടി പിൻതുണച്ചിരുന്നു. എന്നാൽ ഓർത്തഡോക്സ് സഭ നേതൃത്വത്തിന്റെ നിലപാട് ഒരു ക്രൈസ്തവ സഭയ്ക്ക് ചേർന്നതായിരുന്നില്ല. അടഞ്ഞുകിടക്കുന്ന എല്ലാ ദൈവാലയങ്ങളും ചർച്ചകളിലൂടെ തുറന്ന് ഇരു സഭകളിലെയും വിശ്വാസികൾക്ക് ആരാധന അർപ്പിക്കുവാനുള്ള സാഹചര്യം ഉണ്ടാകണമെന്ന് പരി. സഭയും, ശ്രേഷ്ഠ ബാവായും ആഗ്രഹിക്കുന്നു.

16. ആലുവ പെരുന്നാളിന് യാക്കോബായ വൈദീകന് ധൂപം വയ്ക്കാൻ അനുവാദം നൽകിയതുകൊണ്ടു മാത്രം സഭ തൃപ്തയാണോ. വിശദീകരിക്കാമോ ?

ഏതാണ്ട് 30 വർഷക്കാലത്തിനുശേഷമാണ് പരി. സഭയിലെ ഒരു വൈദീകന് പരിശുദ്ധ പിതാക്കന്മാരുടെ കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തുവാൻ അവസരം ലഭിച്ചത്. തീർച്ചയായും സന്തോഷത്തിന്റെ ഒരു അനുഭവമായിരുന്നു അത്. എന്നാൽ യാക്കോബായ സഭക്ക് മാത്രം അവകാശപ്പെട്ട തൃക്കുന്നത്ത് സെമിനാരിയും, പള്ളിയും പരി. സഭയ്ക്ക് ലഭിച്ചേ മതിയാകുകയുള്ളൂ. ആവശ്യമായ നിയമനടപടികൾ കൈക്കൊണ്ടു വരുന്നു. കടമറ്റത്തും കോലഞ്ചേരിയിലും കൈകൊണ്ട തീരുമാനം പള്ളി തുറന്ന് ആരാധന അർപ്പിക്കുന്നതിന് ഇവിടെയും സ്വീകരിക്കും.

17. പൂട്ടികിടക്കുന്ന പള്ളികൾ തുറക്കുവാനുള്ള ഗവൺമെന്റിന്റെ പുതിയ നിർദ്ദേശങ്ങളെ എങ്ങനെ കാണുന്നു ?

സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു. ദൈവാലയങ്ങൾ വിശ്വാസികൾക്ക് ആരാധന അർപ്പിക്കാനുള്ളതാണ്. എന്തിന്റെ പേരിലായാലും അവ പൂട്ടികിടക്കുന്നതിനെ ന്യായികരിക്കുവാൻ സാധിക്കുകയില്ല.

18. യാക്കോബായ സഭാ പള്ളികൾ മാത്രം എന്തുകൊണ്ട് പൂട്ടപ്പെടുന്നു ?

സഭാ തർക്കത്തിൽ – കോട്ടയത്തിന് തെക്കോട്ടുള്ള ദൈവാലയങ്ങളിൽ ഓർത്തഡോക്സ് വിഭാഗവും, വടക്കോട്ട് യാക്കോബായ വിഭാഗവുമാണ് ഭൂരിപക്ഷം. എന്നാൽ തെക്കൻ മേഖലയിൽ ന്യൂനപക്ഷമായ യാക്കോബായ സഭാ വിശ്വാസികൾ കലഹങ്ങൾക്ക് അവസരമുണ്ടാക്കാതെ ചാപ്പലുകൾ പണിത് മാറുകയാണുണ്ടായിട്ടുള്ളത്. വടക്കൻ മേഖലയിൽ പ്രത്യേകിച്ച് എറണാകുളം, തൃശൂർ ജില്ലകളിൽ യാക്കോബായ സഭയുടെ ചില ദൈവാലയങ്ങളിൽ ന്യൂനപക്ഷമായ ഓർത്തഡോക്സ് വിഭാഗം ആസൂത്രിത നീക്കങ്ങളിലൂടെ അസമാധാനം സൃഷ്ടിക്കുന്നു. ഇപ്പോൾ സ്വന്തം സഭയിലെ ദൈവാലയങ്ങൾ വരെ അടപ്പിക്കുന്ന നിലയിലേക്ക് അവർ എത്തിയിരിക്കുന്നു.

19. മൃതദേഹങ്ങളോട് അനാദരവ് കാട്ടുന്ന നടപടി നീതിക്കരിക്കാമോ ?

ഒരിക്കലും നീതികരിക്കുവാൻ സാധിക്കുകയില്ല. ഒരുവന്റെ വിശ്വാസത്തിന് ചേർന്ന വിധം അന്ത്യകർമ്മങ്ങൾ നിവർത്തിക്കപ്പെടുവാൻ കക്ഷി – മത ഭേദമെന്യേ അവസരം ഉണ്ടാകണം.

20. സഭയുടെ രാഷ്ട്രീയ നിലപാടുകൾ ആരാണ് സ്വീകരിക്കുന്നത് ?

ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ തീരുമാനമാണ് പരി. സഭയുടെ നിലപാട്. ആ തീരുമാനത്തോട് ചേർന്ന് എല്ലാ വിശ്വാസികളും നിലനിൽക്കും.

21. സഭയ്ക്ക് രാഷ്ട്രീയ പക്ഷമുണ്ടോ ?

പരി. സഭയ്ക്ക് രാഷ്ട്രീയവുമായി ഒരു നിലപാടുമില്ല എന്ന് ശ്രേഷ്ഠ ബാവ തിരുമേനി വ്യക്തമാക്കിയിട്ടുണ്ട്. പരി. സഭയുടെ ദൗത്യം രാഷ്ട്രീയവുമായി ബന്ധപ്പെട്ടതല്ലല്ലോ. എന്നാൽ പരി. സഭയെ സഹായിക്കുന്നവരെ രാഷ്ട്രീയ മുന്നണി ബന്ധങ്ങൾ നോക്കാതെ പരി. സഭ സഹായിക്കുമെന്ന ശ്രേഷ്ഠ ബാവായുടെ നിലപാടുകൾക്കൊപ്പം പരി. സഭയിലെ വിശ്വാസികൾ നിലനിൽക്കും.

22. സഭയുടെ നിലപാടുകൾ എങ്ങനെ ജനങ്ങളിൽ എത്തിക്കും ?

എണ്ണൂറോളം ദൈവാലയങ്ങൾ സഭയുടെ കീഴിലുണ്ട്. പരി. സഭയുടെ നിലപാടുകൾ വിശ്വാസികളിലേക്ക് എത്തിക്കുന്നതിന് വളരെ കുറച്ചു സമയമേ ആവശ്യമായി വരുകയുള്ളൂ. കൂടാതെ സഭയുടെ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയും ഏറെ സഹായകമായി ഭവിക്കുന്നു.

23. മലബാർ മോഡൽ പ്രശ്നപരിഹാരം സാധ്യമോ ?

തീർച്ചയായും, ഇരു സഭകളാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ശാശ്വതമായ സമാധാനം സഭയിൽ ഉണ്ടാകുവാൻ മലബാർ ഭദ്രാസനത്തിൽ കൈക്കൊണ്ട നടപടികൾ മാതൃകയാക്കാവുന്നതാണ്. ഓർത്തഡോക്സ് സഭയിലെ അൽമായ അസ്സോസിയേഷനും, നല്ലൊരു വിഭാഗം വൈദീകരും അത് ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ഓർത്തഡോക്സ് സഭാ നേതൃത്വത്തിന്റെ നിലപാട് നിരാശാജനകമാണ്.

24. എല്ലാ പ്രശ്നങ്ങളേയും സമചിത്തതയോടെ കൈകാര്യം ചെയ്യുന്ന അങ്ങയുടെ വിജയരഹസ്യം ?

ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ നിഴലിൽ പരി. സഭയ്ക്ക് വേണ്ടി പ്രവർത്തിക്കുവാൻ ഭാഗ്യം ലഭിച്ചവനാണ് ഞാൻ. ശ്രേഷ്ഠ ബാവ നൽകുന്ന ധൈര്യവും, നിങ്ങളെപോലുള്ളവരുടെ കരുതലുമാണ് എന്റെ പ്രവർത്തനങ്ങൾക്ക് കൂട്ടായിട്ടുള്ളത്.

## സൂക്ഷ്മദൃക്ക്

*വിശ്വാസ സംരക്ഷകൻ ദ്വൈവാരിക പരിശുദ്ധ അന്ത്യോക്യാ സിംഹാസന ഭക്തരായ വിശ്വാസ സമൂഹത്തിന്റെ സഭാ വിശ്വാസ പഠനങ്ങൾക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന ഒരു ഇന്റർനെറ്റ് പ്രസിദ്ധീകരണമാണ്. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ മറ്റു പ്രസിദ്ധീകരണങ്ങൾ വായിക്കുവാൻ സമയമില്ലാത്തവർക്കുവേണ്ടി ഇതര പ്രസിദ്ധീകരണങ്ങളിൽ വരുന്ന പ്രസക്തമായ വാർത്തകളുടെയും ചിന്തകളുടെയും ഹ്രസ്വമായ റിപ്പോർട്ടും വിവരങ്ങളും നമ്മുടേതായ പ്രതികരണങ്ങളോടുകൂടി അവതരിപ്പിക്കുന്ന ഒരു പംക്തിയാണിത്.*

*ബഹുമാനപ്പെട്ട വായനക്കാർ സവിശേഷം സ്വാഗതം ചെയ്യും എന്ന് വിശ്വസിക്കുന്നു. - (എഡിറ്റർ)*

# മീഡിയാസ്കാൻ

### അതേ! അങ്ങയുടെ കുറ്റം വളരെ വലുതാണ്!

കേരളാ കൗൺസിൽ ഓഫ് ചർച്ചസ് കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ എക്യുമെനിക്കൽ പൊതുവേദിയാണ്. അതിന്റെ പ്രവർത്തനങ്ങളിൽ നമ്മുടെ സഭാംഗങ്ങളും സജീവമായി പങ്കെടുത്തുവരുന്നുണ്ട്. അതെല്ലാം നല്ല കാര്യങ്ങൾ തന്നെ. പക്ഷേ നമ്മുടെ സഭയിൽ വളർന്നുവലുതായ പലരും തങ്ങളുടെ വലുപ്പം പ്രദർശിപ്പിച്ച് പൊതു അംഗീകാരം നേടുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു വേദികൂടിയാണിതിപ്പോൾ. സഭാപാരമ്പര്യവിരുദ്ധമായി പ്രവർത്തിച്ചതിന് സഭാതലവൻ നടപടിയെടുത്ത ഒരു പ്രഗത്ഭ വൈദികൻ ഈ പ്രസ്ഥാനത്തിന്റെ നെടുംതൂണായി കുറെകാലം പ്രവർത്തിച്ചു. ഇപ്പോഴത്തെ സാരഥികളിലൊരാൾ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെയും

പരിശുദ്ധ പാത്രിയാക്കീസ് ബാവയുടെയും അനുഗ്രഹാശിസുകൾ ധാരാളം സ്വീകരിച്ച് വളർന്ന് വളരെ വലുതായി ശോഭിക്കുന്ന ഒരു അഭിവന്ദ്യപിതാവാണ്. അദ്ദേഹം ഫെബ്രുവരി മാസത്തിലെ New Vision എന്ന KCC പത്രികയിൽ ഒരു ലേഖനം എഴുതിയിരിക്കുന്നു. എന്നെ വേട്ടയാടുന്ന പാപബോധം എന്നാണ് യൂഹാന്നോൻ മോർ മിലിത്തിയോസ് തിരുമേനിയുടെ ലേഖനത്തിന്റെ തലക്കെട്ട്. സൺഡേസ്കൂൾ പഠിച്ചതും പഠിപ്പിച്ചതും ഒക്കെ പശ്ചാത്തലമാക്കി ആട്, തേക്ക്, മാഞ്ചിയം, തട്ടിപ്പ്, വെട്ടിപ്പ്, ചിട്ടി, വട്ടി തുടങ്ങി എല്ലാ അധാർമ്മികതയേയും ചൂണ്ടിക്കാണിച്ച് അദ്ദേഹം ചോദിക്കുന്നത് അദ്ദേഹം സൺഡേസ്കൂളിൽ പഠിപ്പിച്ചതിന്റെ കുഴപ്പമാണോ അവയെല്ലാം എന്നാണ്. കാരണം ഇവരിലൊക്കെ മാമോദീസാ വെള്ളം വീണതിന്റെ തെളിവുകൾ പേരിലെങ്കിലും ഉണ്ട്. ആന്തരീകമാറ്റം വരുത്തുവാൻ ഇടയാകാത്തവിധം പഠിപ്പിച്ചതിലെ /പഠിപ്പിക്കുന്നതിലെ തെറ്റുകൾ സമർത്ഥമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. വളരെ നല്ലത്. തുടർന്ന് നേഴ്സുമാർ വിദേശത്തുപോയി അത്യദ്ധ്വാനം ചെയ്ത് ധനസമ്പാദനം നടത്തിയതിന്റെ സ്വാധീനത്തിൽ സമർപ്പണമില്ലാതെ ധനസമ്പാദനം ലക്ഷ്യമാക്കി മാത്രം പഠിക്കുന്നതിന്റെ അധാർമ്മികതയും ചൂണ്ടിക്കാണിക്കുന്നു,. വേദപഠനം യഥാവിധി നടത്തിക്കൊടുക്കാത്തതിന്റെ ഉത്തരവാദിത്വം സഭയ്ക്കുണ്ടെന്ന് സമർത്ഥമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് അതിലും വളരെ നല്ലത്.

ഈ സദുപദേശങ്ങൾ സ്വീകരിക്കുന്നതോടൊപ്പം സൂക്ഷ്മദൃഷ്ടിക്കു മറ്റൊരു ചിന്തയും മനസ്സിൽ തോന്നി. 14 വയസ്സിൽ സൺഡേസ്കൂൾ അദ്ധ്യാപനം ആരംഭിച്ച ഈ വന്ദ്യപിതാവ് സൺഡേസ്കൂൾ നന്നായി പഠിച്ചിട്ടാണോ അധ്യാപനം തുടങ്ങിയത്, എന്ന ആശയമാണ്, ആശങ്കയാണ്. അവിടെ നന്നായി പഠിച്ചിരുന്നെങ്കിൽ കേരള ക്രൈസ്തവ സഭാധ്യക്ഷന്മാർക്കെല്ലാം അപമാനകരമായ പലതും ഒഴിവാക്കുവാൻ കഴിയുമായിരുന്നു.

- തന്നെ വാഴിച്ച സഭയേയും സഭാതലവനെയും തള്ളിപ്പറയുമായിരുന്നോ?

-പാവം നേഴ്സുമാരുടെ ശമ്പളത്തിൽ നിന്നും അവർ നൽകിയ സംഭാവനകളുടെ സമാഹരണം കൊണ്ട് നേടിയ നേട്ടങ്ങളുടെ മുകളിൽ താമസിക്കുവാൻ മുതിരുന്നതെങ്ങനെ?

-സ്വന്തം സഭാപിതാക്കന്മാർക്കും ബന്ധുമിത്രാദികൾക്കും വളർത്തി വലുതാക്കിയ ഇടവകയ്ക്കും എതിരായി നിൽക്കുവാൻ കഴിയുന്നതെങ്ങനെ?

ദീർഘിപ്പിക്കുന്നില്ല, തിരുമേനി, പഠിപ്പിക്കുന്നതിൽ മാത്രമല്ല പഠിക്കാത്തതിലും കുഴപ്പങ്ങൾ ഉണ്ടാകും. അതും ആത്മപരിശോധനാ ലിസ്റ്റിൽ പെടുത്തണമേ!

### ബോൺഹോഫർ

അതേ മാസികയിൽ തന്നെ റവ. കെ. എസ്. മാത്യു വിശ്രുത ദൈവശാസ്ത്രജ്ഞനും രക്തസാക്ഷിയുമായ ഡീട്രിച്ച് ബോൺ ഹോഫറെക്കുറിച്ച് എഴുതിയിരിക്കുന്നത് അതിവിശിഷ്ടമാണ്. അമേരിക്കൻ ജീവിതത്തിന്റെ സുഖസൗകര്യം ഉപേക്ഷിച്ച് 21-ാം വയസ്സിൽ നേടിയ ഡോക്ടറേറ്റിന്റെ പിൻബലത്തിൽ നേടാമായിരുന്ന ഉന്നതഉദ്യോഗം ഉപേക്ഷിച്ച് നാസിഭീകരതയിൽ ജർമ്മനിയിൽ പോയി രക്തസാക്ഷിത്വം വരിച്ച ബോൺഹോഫർ സ്മരണ ഉണർത്തിയ ലേഖകൻ കൃതജ്ഞത അർഹിക്കുന്നു. ബോൺ ഹോഫറുടെ ഒരു സാക്ഷ്യം ഉദ്ധരിക്കട്ടെ. ക്രിസ്തു ഒരു വ്യക്തിയെ വിളിക്കുമ്പോൾ കടന്ന് വന്ന് അവന്നുവേണ്ടി മരിക്കുവാനാണ് വിളിക്കുന്നത്.

### സൺഡേ ശാലോം എഡിറ്റോറിയൽ

ശാലോം ടി. വി വഴി ക്രൈസ്തവ ലോകത്ത് പ്രസിദ്ധമാണ് ചൈതന്യം തുടിക്കുന്ന ശാലോം പ്രവർത്തനങ്ങൾ സൺഡേ ശാലോം എന്ന ആധ്യാത്മീക വാരിക ഇന്റർനെറ്റിൽ ലഭ്യമാണ്. അതിലെ വിഭവങ്ങൾ സൂക്ഷ്മദൃഷ്ടിക്ക് ആസ്വാദ്യപൂർവ്വം പ്രയോജനപ്പെടുത്താറുമുണ്ട്. തനിമയാർന്ന് വേറിട്ടു നിൽക്കുന്ന അനുഭവങ്ങളാണ് അതിന്റെ എഡിറ്റോറിയൽ വായനക്കാർക്കു നൽകുന്നത്. ദൈവപരിപാലനയുടെ ഉത്തമ ദൃഷ്ടാന്തമാണ് ഈ പ്രവർത്തനങ്ങൾ. കഴിഞ്ഞ ലക്കം എഡി

റ്റോറിയൽ ശാലോം ടി. വി വാർഷികത്തെക്കുറിച്ചാണ്. 40 ലക്ഷം രൂപാ ചെലവ് പ്രതീക്ഷിച്ച മാസത്തിൽ നാലര ലക്ഷംകൊണ്ട് ദൈവാശ്രയത്തിൽ മുന്നോട്ട് നീങ്ങിയ അനുഭവസാക്ഷ്യം വായനക്കാരെ കോരിത്തരിപ്പിക്കുന്നു. യാക്കോബായ സഭയ്ക്കും സുവിശേഷ സാക്ഷ്യത്തിനായി അവസരം നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനം ദൈവപരിപാലനതയിൽ വളരട്ടെ എന്ന് ആശ്വസിക്കുന്നു. അനേകർക്ക് വഴികാട്ടിയും സമാധാനവും നൽകുവാൻ ശാലോം പ്രസ്ഥാനങ്ങൾക്കു സാധിക്കട്ടെ എന്നാശംസിക്കുന്നു.

## മാർത്തോമ്മാ - ഓർത്തഡോക്സ് പൊതു കല്ലറ

മാർച്ച 10-ാം തീയതിയിലെ ഓർത്തഡോക്സ് ഹെറാൾഡ് താഴെപ്പറയുന്ന വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. മാർത്തോമാ ഓർഡോക്സ് സഭകളുടെ കൂട്ടായ അധികാരത്തിൽ പെരുനാട്, ചെങ്ങന്നൂർ, കൂർത്തമല, മല്ലപ്പള്ളി, എന്നീ സ്ഥലങ്ങളിലായി 4 ദൈവാലയങ്ങളാണുള്ളത്. ഇവിടെ തവണ വ്യവസ്ഥയിലാണ് മാർത്തോമാ സഭയും ഓർത്തഡോക്സ് സഭയും ആരാധനകൾ നടത്തുന്നത്. രണ്ടു നിലകളിലായുള്ള പൊതു കല്ലറ മാർക്രിസോസ്റ്റം - മോർ അത്താനാന്യോസ് മെത്രാപ്പോലീത്താമാർ കൂദാശ ചെയ്തു". എന്തു സാഹോദര്യം! എന്ത് കൂട്ടായ്മ! ദൈവാലയങ്ങൾ പ്രൊട്ടസ്റ്റന്റ് വിശ്വാസം പുലർത്തുന്ന മാർത്തോമ്മാ സഭയുമായി പങ്കുവയ്ക്കാം. കൂട്ടായ അധികാരത്തിൽ വയ്ക്കാം. കല്ലറകൾ പൊതുവായി കൂദാശചെയ്യാം. പക്ഷേ! എന്നും പ്രാർത്ഥനയിൽ ഓർക്കുന്ന പാത്രിയർക്കീസിനെ അനുസരിക്കുന്ന യാക്കോബായക്കാരെ പള്ളിക്കുപുറത്താക്കണം! അല്ലെങ്കിൽപിടിച്ചടക്കണം!! അതുമല്ലെങ്കിൽ പള്ളികൾ പൂട്ടിക്കണം!!! വൈരുദ്ധ്യമാർന്ന (വികല) സാക്ഷ്യം! ഇതാണോ ഓർത്തഡോക്സി?

## കോലഞ്ചേരി - കടമറ്റം പള്ളികൾ

കോലഞ്ചേരി - കടമറ്റം പള്ളികൾ തുറന്ന് മീഡിയ മൊത്തം അനുഗ്രഹകരമായി വിശേഷിപ്പിച്ചു. പക്ഷേ! മലങ്കര സഭാദീപം എന്ന പ്രസിദ്ധീകരണത്തിനു മാത്രം അത് അനിഷ്ടമായി. അവിടെ പള്ളികൾ തുറന്ന് അതിക്രമമാണെന്നൊരാൾ എഴുതിയിരിക്കുന്നു. കേരളത്തിന്റെ മുഖ്യമന്ത്രി മത-സഭ പരിമിതികൾക്കതീതനാണെങ്കിലും വ്യക്തിപരമായ വിശ്വാസത്തിൽ അദ്ദേഹം ഓർത്തഡോക്സുകാരനാണ് അദ്ദേഹം പറയുന്നു. 'പള്ളികൾ തുറക്കണം' എന്ന്. മന്ത്രിസഭയുടെ ഉപസമിതിയംഗങ്ങളായ മുനീറും ദിവാകരനും പറയുന്നു പള്ളികൾ തുറക്കണമെന്ന്! 'സത്യവിശ്വാസികളായ' ചില മെത്രാന്മാർ പറയുന്നു പള്ളികൾ പൂട്ടിക്കിടക്കണമെന്ന്! ദൈവമേ! ഇതെന്തൊരുമായ! ഇറങ്ങിവന്ന് രക്ഷിക്കണമെ!!!

## ഈപ്പൻകുന്ന് സ്വകാര്യ സ്വത്ത്

65 ഏക്കർ സ്ഥലമുള്ള ഈപ്പൻകുന്ന് സ്വകാര്യ ട്രസ്റ്റ് വകയാണെന്ന് മാർച്ച് 10-ാം തീയതിയിലെ മലയാളം ഹെറാൾഡ് പ്രസിദ്ധീകരണം പറയുന്നു. മാത്യൂസ് ദ്വിതീയൻ ബാവാ സ്വന്ത ഇഷ്ടപ്രകാരം കബറടങ്ങിരിക്കുന്നതിവിടെയാണ്. സൂക്ഷമദൃക്കിനറിയേണ്ടത് ഇത്രമാത്രം! ഒന്നര പതിറ്റാണ്ടുകാലം ഇടവക പള്ളികളുടെ സ്വത്തുക്കൾക്കുവേണ്ടി സുപ്രീംകോടതി വരെ കേസുകളുടെ പരമ്പരയും മണർകാട് പള്ളിലേക്കു മാർച്ചും നടത്തുവാൻ പോലും പരിശ്രമിച്ച ബാവായ്ക്ക് ഓർത്തഡോക്സ് സഭ അറിയാത്ത ട്രസ്റ്റ് സ്വത്ത് ആകാമോ? എന്തൊരു വൈരുദ്ധ്യം. കുടുംബത്തിലെ കാരണവർക്ക് വീട്ടിലും എന്തുമാകാം എന്നതാണല്ലോ കേരളത്തിലെ പഴമൊഴി!

## പള്ളികൾ പൂട്ടിക്കുന്നത് കിരാതന്മാർ

പള്ളികൾ പൂട്ടിക്കുന്നത് കിരാതന്മാരാണെന്ന് ദിദിമോസ് കാതോലിക്കാബാവാ പ്രസംഗിച്ചതായി മാതൃഭൂമി ദിനപത്രത്തിൽ വായിച്ചു. മലബാറിൽ പൂട്ടിക്കിടന്ന പള്ളികൾ തുറപ്പിച്ച് തർക്കങ്ങൾ പരിഹരിക്കുവാൻ മുന്നിട്ടുവന്ന ബാവായുടെ ഈ പ്രസ്ഥാവന സ്വാഗതാർഹമാണെന്നു മാത്രമല്ല അദ്ദേഹത്തിന്റെ ആത്മാർത്ഥതയുടെ തെളിവുമാണ്. അനേകം പള്ളികൾ 'കിരാതന്മാർ' പൂട്ടിക്കപ്പെട്ടുകിടന്ന ഈ സഭയിൽ അവ തുറക്കപ്പെടുവാൻ അങ്ങേയ്ക്കു സാധിക്കട്ടെ! കിരാതന്മാരിൽ നിന്നും നമ്മുടെ പള്ളികൾ രക്ഷിക്കപ്പെടട്ടെ!!!

# മലങ്കര സഭാ കേസരി- സി. ജെ കുര്യൻ

**ബിജു കുര്യൻ , പുതുപ്പള്ളി**

മലങ്കര സുറിയാനി സഭയ്ക്ക് മറക്കാനാവാത്ത ഒരു അപൂർവ്വ വ്യക്തിത്വമാണ് സമുദായ ട്രസ്റ്റിയായിരുന്ന സി. ജെ കുര്യൻ അക്കര കുടുംബത്തിൽ ഉലഹന്നാച്ചന്റെ രണ്ടാമത്തെ പുത്രനായി 1860 ൽ ജനിച്ചു. ആദ്യകാലങ്ങളിൽ കൊച്ചിയിലും തിരുവനന്തപുരത്തുമായി താമസിച്ചു. വെസ്റ്റേൺ സ്റ്റാർ പത്രത്തിന്റെ ചുമതല മുഴുവൻ ഏറ്റെടുത്തു നടത്തി. തിരുവിതാംകൂർ മഹാരാജാവ് , ശ്രീമൂലം തിരുനാളുമായി ഉറ്റബന്ധം പുലർത്തി. മഹാരാജാവ് സ്ഥിരമായി പ്രജാസഭാ മെമ്പറായി സി. ജെ കുര്യനെ നോമിനേറ്റ് ചെയ്തുവന്നു. മരിക്കും വരെ കോട്ടയം പ്രജാസഭാ മെമ്പറായി വിശിഷ്ട സേവനം നടത്തി. കോട്ടയം മുൻസിപ്പാലിറ്റി രൂപീകരണത്തിന് മുൻകൈ എടുത്തു. തുടർന്ന് മുൻസിപ്പാലിറ്റിയുടെ ഇലക്റ്റ് ചെയർമാനായും പ്രവർത്തി



ച്ചു. സമൂഹത്തിൽ വളരെ പ്രശസ്തരായവർ മാത്രം അംഗമായിരുന്ന തിരുവനന്തപുരം മെയിസോണിക്ക് ലോഡ്ജിന്റെ അംഗമായി 1898 മുതൽ പ്രവർത്തിച്ചു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കോട്ടയം സന്ദർശനത്തിന്റെ നിത്യസ്മാരകമായി ഒരു ക്ലബ്ബ് രൂപീകരിച്ചു. അതാണ് പ്രശസ്തമായ കോട്ടയം യൂണിയൻ ക്ലബ്ബ് . ഈ ക്ലബ്ബിന്റെ രൂപീകരണത്തിൽ മുഖ്യപങ്ക് വഹിച്ചിരുന്നത് സി. ജെ കുര്യനാണ്. കൂടാതെ പ്രശസ്തമായ രീതിയിൽ നെൽകൃഷി ചെയ്തു ധാരാളം പണം സമ്പാദിച്ചു.

മലങ്കര സഭയിലെ പുലിക്കോട്ടിൽ വലിയ തിരുമേനിയുടെ കൂട്ടു ട്രസ്റ്റിയായി പ്രശസ്തമായ വിധം പ്രവർത്തിച്ചു. ഈ കാലഘട്ടത്തിൽ മലങ്കരയ്ക്കായി രണ്ട് പുതിയ മെത്രാന്മാരെ

## മലങ്കര സഭാ കേസരി.....

വാഴിക്കാൻ തീരുമാനമായി കാര്യപ്രാപ്തിയുള്ള വട്ടശ്ശേരിൽ മല്പാന് ജന്മനാ കണ്ണിന് തകരാറുണ്ടായിരുന്നതിനാൽ അദ്ദേഹം ഈ സ്ഥാനത്തിന് യോഗ്യനല്ല എന്ന ആക്ഷേപം ഉയർന്നു. ഈ വാദത്തിൽ നിന്ന് സഭാംഗങ്ങളെ ശാന്തരാക്കി വട്ടശ്ശേരിൽ മല്പാന് മെത്രാൻ സ്ഥാനം ലഭ്യമാക്കിയത് സി. ജെ. കുര്യനായിരുന്നു. പുതിയ തിരുമേനിമാർ വന്ന് അധികം താമസിയാതെ പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്തു. പുതിയ മലങ്കര മെത്രാപ്പോലീത്തായായി വട്ടശ്ശേരി തിരുമേനി തിരഞ്ഞെടുക്കപ്പെട്ടു.

സമുദായത്തിന്റെ വൈദീക ട്രസ്റ്റിയായിരുന്ന കോനാട്ട് മാത്തൻ മല്പാനും, അത്മായ ട്രസ്റ്റി സി. ജെ കുര്യനും തത്സ്ഥാനത്ത് തുടർന്നു. പഴയ സെമിനാരിയുടെ ബസ്ഗാസമുറിയുടെ മൂന്നു താക്കോലുകൾ ഓരോ ട്രസ്റ്റിമാരും കൈവശം വയ്ക്കണമെന്നാണ് കീഴ്‌വഴക്കം. എന്നാൽ വട്ടശ്ശേരീൽ തിരുമേനിയുടെ അധികാര കൊതിമൂലം മൂന്നു താക്കോലുകളും തിരുമേനി കൈവശം വെച്ചു. ഇത് ചോദ്യം ചെയ്തതിന് കൂട്ടു ട്രസ്റ്റിമാരുമായി തിരുമേനി പിണങ്ങി. കൂടാതെ സമുദായം വക സ്ഥലങ്ങൾ മെത്രാപ്പോലീത്താ സ്വന്തം ഇഷ്ടപ്രകാരം വിറ്റത് ചോദ്യംചെയ്തതിനെ തുടർന്ന് ഭിന്നത വലുതായി. അന്നത്തെ പാത്രിയാർക്കീസ് പ. അബ്ദുള്ള ബാവ മലങ്കരയിലെഴുന്നള്ളി. പാത്രിയാർക്കീസ് ബാവയ്ക്ക് ശൽമൂസ സമർപ്പിക്കാത്ത വട്ടശ്ശേരി തിരുമേനിയെ മുടക്കി. ഇരുകക്ഷികൾ സഭയിൽ രൂപംകൊണ്ടു. സി. ജെ കുര്യനും, കോനാട്ട് മല്പാനും ബാവാ പക്ഷത്ത് നില ഉറപ്പിച്ചു. വട്ടശ്ശേരിൽ തിരുമേനി എതിർ ഭാഗത്തായി നിന്നു. ധാരാളം കേസുകൾ ഉടലെടുത്തു. കോട്ടയത്ത് ഏക ദേശം തുല്യവും വടക്കോട്ട് മുഴുവനും ആളുകൾ ബാവാ പക്ഷത്തായി. തെക്കോട്ട് മെത്രാപ്പോലീത്താ പക്ഷക്കാർക്കായിരുന്നു ആധിപത്യം വട്ടിപ്പണക്കേസ് ആരംഭിച്ചു. ബാവാ പക്ഷത്തിന്റെ കേസ് നടത്തിപ്പ് സി. ജെ. കുര്യൻ നിർവ്വഹിച്ചു. സഭയ്ക്കും, സമൂഹത്തിനും നല്ലത് പ്രവർത്തിക്കാമായിരുന്ന സി. ജെ കുര്യന് കേസുകൾ നടത്തുന്നതുമൂലം മറ്റ് കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കാൻ വയ്യാതെ വന്നു. കേസിലെ ജയപാരജയങ്ങൾ സാമൂഹ്യ സേവനത്തിന് വിലങ്ങുതടിയായി തീർന്നു. എങ്കിലും താൻ വിശ്വസിക്കുകയും പഠിക്കുകയും ചെയ്ത പ്രകാരം പ. അന്ത്യോഖ്യാ സിംഹാസനത്തെ കൃപയുടെ ഉറവയായി കണ്ട് തികഞ്ഞ സിംഹാസനഭക്തനായി ജീവിച്ചു. 1924 ൽ സി. ജെ കുര്യൻ മരിച്ചു. കൊച്ചു പുരയ്ക്കൽ അക്കാമ്മയായിരുന്നു ഭാര്യ.

# യു. എസ്. വൈദികവാർഷിക ധ്യാനം 2006



അമേരിക്കൻ ആർച്ച് ഡയോസിസിൻ കീഴിലുള്ള വൈദീകരുടെ വാർഷിക ധ്യാനം ലോസ്എൻജിൽ സെ: മേരീസ് ദേവാലയത്തിൽ നടന്നു. ആർച്ച് ബിഷപ്പ് യെൽദോ മോർ തീത്തൂസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന ധ്യാനം യോഗത്തിൽ ശ്രേഷ്ഠ ബാവാ തിരുമേനി, ആർച്ച് ബിഷപ്പ് ക്ലിമ്മീസ് ഔഗേൻന്റെയും പ്രതിനിധി, അർമീനിയൻ ആർച്ച് ബിഷപ്പ് H.E Hovnan Derdirian, വികാർ ജനറൽ വെരി. റവ. Dijad Yardemian അമേരിക്കൻ ഭദ്രാസനത്തിലെ വൈദീകർ തുടങ്ങിയവർ സംബന്ധിച്ചു വെരി റവ: കുറിയാക്കോസ് കോറപ്പീസ് കോപ്പ മൂലയിൽ മുഖ്യ പ്രഭാഷണം നടത്തി. പ: പാത്രിയാർക്കീസ് ബാവയുടെ സ്ഥാനാരോഹണം ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച് ഫെഷ് ട്രിഫ്റ്റിന്റെ കോപ്പി ശ്രേഷ്ഠ ബാവാ തിരുമനസ്സുകൊണ്ട് അർമീനിയൻ ആർച്ച് ബിഷപ്പിന് നൽകി.

# ആലുവാ സെമിനാരി ഉടമസ്ഥത ആർക്ക്? ഫാ. ബോബിക്ക് മറുപടി

ബിജു കുര്യൻ കളമ്പുകാട്ട്

സത്യം ഒരു നാളും മരിക്കുന്നില്ല, വൈകി ഉദിച്ച വിവേകം പോലെ മണ്ണാറപ്രായിലച്ചൻ കുറെ സത്യങ്ങൾ വിളിച്ചു പറഞ്ഞു. അത് ഇപ്രകാരമാണ്. ആലുവാ തൃക്കുന്നത്ത് സെമിനാരി സ്ഥാപന കാലം മുതൽ കാതോലിക്കാ പക്ഷത്തിന് യാതൊരു അവകാശ അധികാരമില്ലാത്ത ഒരു സ്ഥാപനമാണ്. ആരംഭകാലം മുതൽ പാത്രിയാർക്കീസ് ബാവാമാരെ അംഗീകരിച്ചിട്ടുള്ള മെത്രാപ്പോലീത്തമാർ മാത്രമാണ് സെമിനാരിയിൽ താമസിച്ചിട്ടുള്ളതും ഭരിച്ചിട്ടുള്ളതും. തന്റെ പ്രസ്താവനകളിലൂടെ 1974 മുതൽ ആലുവാ സെമിനാരി കാതോലിക്കാ പക്ഷത്തിന്റേതാണെന്ന് പറഞ്ഞുകൊണ്ടിരുന്ന അച്ചന് വിവേകമുദിച്ചപ്പോഴേക്കും സെമിനാരി മാനേജർ സ്ഥാനം നഷ്ടപ്പെട്ടിരുന്നു. കാതോലിക്കാ പക്ഷത്തിന്റെ സകല അധാർമ്മീക പ്രവർത്തനങ്ങൾക്കും (കാർ കത്തിക്കൽ ഉൾപ്പെടെ) കൂട്ടുനിന്ന അച്ചനെ കറിവേപ്പില പോലെ മാർ മാത്യൂസ് രണ്ടാമൻ ബാവാ പുറത്താക്കി. പശ്ചാത്താപം മൂലമാണോ എന്നറിയില്ല എങ്കിലും മണ്ണാറപ്രാ അച്ചൻ നടത്തിയ സത്യസന്ധമായ പ്രസ്താവന സ്വാഗതാർഹമാണ്.

പഴയ ചരിത്രങ്ങൾ അറിയാൻ വയ്യാത്ത (അല്ലെങ്കിൽ അറിയില്ലാ എന്ന് നടിക്കുന്ന) പുതിയ മാനേജർ ഫാ. ബോബി ഒരു പുതിയ കണ്ടെത്തൽ നടത്തിയിരിക്കുന്നു. ആലുവ സെമിനാരി ആരംഭകാലം മുതൽ പാത്രിയാർക്കീസ് കക്ഷിക്കാരുടേതല്ലായിരുന്നു എന്നും മലങ്കര സഭയുടെതായിരുന്നു എന്നും സെമിനാരി ഭരിച്ചവർ എല്ലാം മലങ്കര മെത്രാപ്പോലീത്താ ജോസഫ് ദീവന്നാസ്യോസ് (പുലിക്കോട്ടിൽ) തിരുമേനിയെ അംഗീകരിച്ചവർ ആയിരുന്നു എന്നും മറ്റുമാണ് പുതിയ മാനേജർ കണ്ടുപിടിച്ചിരിക്കുന്നത്.

സാധാരണ പ്രൊഫഷണൽ മാധ്യമ പ്രസിദ്ധീകരണ രംഗത്ത് പ്രവൃത്തിക്കുന്നവർ പറയാറുണ്ട്, സത്യം മാത്രം പറയുക എന്നാൽ മുഴുവൻ സത്യവും പറയാതിരിക്കുക. ഈ തത്വമാണ് അച്ചൻ പയറ്റിയിരിക്കുന്നത്. മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ തിരുമേനി അന്ത്യോഖ്യാ പാത്രിയാർക്കീസ് ബാവയാൽ വാഴിക്കപ്പെട്ടതും, അന്ത്യോഖ്യാ പാത്രിയാർക്കീസ് ബാവമാരാൽ അംഗീകരിക്കപ്പെട്ടതുമായ മലങ്കര മെത്രാപ്പോലീത്തായായിരുന്നു. പ. അന്ത്യോഖ്യാ പാത്രിയാർക്കീസ് ബാവാമാരുടെ കല്പ്പനകളിൽ നിന്നും വലത്തോട്ടോ ഇടത്തോട്ടോ ഞങ്ങളും , ഞങ്ങളുടെ സന്തതികളും മരണം വരെയും വിട്ടുമാറില്ല എന്ന് ദൈവമുമ്പാകെയും, പ. പാത്രിയാർക്കീസ് ബാവാമുമ്പാകെയും, സ്ലീബായും ഏവൻഗേല്യോനും പിടിച്ച് സത്യം ചെയ്യുന്നു എന്ന് മുളന്തുരുത്തി പടിയോല എഴുതിവയ്പ്പിച്ച നിത്യസ്മരണാർഹനായ പിതാവായിരുന്നു പുലിക്കോട്ടിൽ തിരുമേനി എന്ന് ബോബി അച്ചന് അറിയില്ലേ? ഏകനായകത്വത്തിലായിരുന്ന മലങ്കര ഇടവകയെ (സഭ അല്ല) 7 ഭദ്രാസന ഇടവകകളാക്കി വിഭജിച്ച് അതിനായി 6 മെത്രാപ്പോലീത്താമാരെ വാഴിച്ചാക്കിയ പ. പത്രോസ് മൂന്നാമൻ ബാവായുടെ നടപടികളെ, മുളന്തുരുത്തി സുന്നഹദോസ് ഉൾപ്പടെയുള്ള എല്ലാ നടപടി ക്രമങ്ങളെയും അംഗീകരിച്ചയാളായിരുന്നു പുലിക്കോട്ടിൽ തിരുമേനി. ഈ സത്യങ്ങൾ എല്ലാ മറച്ചുവെച്ച് പുലിക്കോട്ടിൽ തിരുമേനി ഏതോ സ്വതന്ത്ര സഭാ അധ്യക്ഷനായിരുന്നു എന്ന രീതിയിൽ പ്രതീകരിക്കാൻ അച്ചന് എങ്ങനെ സാധിച്ചു? പ. പത്രോസ് മൂന്നാമൻ ബാവ നേരിട്ട് നിയമിച്ച അങ്കമാലിയുടെ ആദ്യ മെത്രാപ്പോലീത്തായായിരുന്ന അമ്പാട്ട് ഗീവറുഗീസ് മോർ കൂറിലോസ് തിരുമേനി. അമ്പാട്ട് തിരുമേനി, പ. പാത്രിയാർക്കീസ് ബാവയ്ക്ക് ഉടമ്പടി സമർപ്പിച്ചിരുന്നു. പാത്രിയാർക്കീസ് ബാവയുടെ നിയമന കലപ്നയോടുകൂടിയാണ് തിരുമേനി ഭദ്രാസന ഭരണം ആരംഭിച്ചത്. ഇപ്രകാരം പ. പാത്രിയർക്കീസ് ബാവയ്ക്ക് വിധേയപ്പെട്ട് അങ്കമാലി ഭദ്രാസനത്തിന് ഒരു ആസ്ഥാനത്തിന് വേണ്ടിയാണ് ആലുവായിൽ സ്ഥലം വാങ്ങിയത്. ആലൂവായിൽ ഒരു പള്ളി പണിത് അധികം താമസിയാതെ 1891 ൽ ഈ പിതാവ് കാലം ചെയ്ത് അങ്കമാലി പള്ളിയിൽ കബറടങ്ങി. തുടർന്ന് പ. പാത്രിയാർക്കീസ് ബാവായാൽ വാഴിക്കപ്പെട്ട കോട്ടയം ഭദ്രാസന ഇടവക ഭരിച്ചുപോന്ന കടവിൽ പൗലോസ് മോർ അത്താനാസിയോസ് തിരുമേനി സെമിനാരി പണികഴിപ്പിച്ചത്. ഇതിൽ പ്രധാനമായും തിരുമേനിയെ സഹായിച്ചത് കുറ്റിക്കാട്ടിൽ പൗലോസ് റമ്പാൻ (പിന്നീട് മോർ അത്താനാസ്യോസ്) ആണ് എന്ന് ആലുവായിലെ വലിയ തിരുമേനി എന്ന പുസ്തകം സാക്ഷിക്കുന്നു. കാര്യചിറ ഗീവറുഗീസ് റമ്പാൻ പ.പാത്രിയാർക്കീസ് ബാവ തലവനായ മലങ്കര ഇടവകയിലെ ഒരു റമ്പാനായിരുന്നു. വട്ടശ്ശേരിൽതിരുമേനിയോട് ഉടമ്പടി കൊടുക്കാൻ പ. അബ്ദുള്ള പാത്രിയാർക്കീസ് ബാവാ ആവശ്യപ്പെട്ടു. എങ്കിലും അദ്ദേഹം അതിന് തയ്യാറായില്ല. എന്നാൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് ഉടമ്പടി നൽകിയ പൗലോസ്കൂറിലോസ് തിരുമേനിയോടൊപ്പം സാക്ഷിപ്പട്ടികയിൽ ഒപ്പിട്ടിരിക്കുന്നത് കാര്യചിറ റമ്പാനായിരുന്നു. എന്നാൽ കാര്യചിറ റമ്പാൻ പില്ക്കാലത്ത് മുടക്കപ്പെട്ട വട്ടശ്ശേരീൽ തിരുമേനിയുടെ പക്ഷത്തേക്ക് മാറി. അതിന് കാരണം മെത്രാപ്പോലീത്താസ്ഥാന വാഗ്ദാനമായിരുന്നു എന്ന് വേണം കരുതാൻ (അധികാരമില്ലാതിരുന്ന അബ്ദുൾ മശിഹ ബാവാ കാര്യചിറ റമ്പാനെ മെത്രാനാക്കി).

കടവിൽ തിരുമേനി 1907 ൽ കാലം ചെയ്ത് ആലുവാ സെമിനാരി പള്ളിയിൽ കബറടക്കി. 1910 ൽ കുറ്റിക്കാട്ടിൽ പൗലോസ് റമ്പാനെ അബ്ദുള്ള പാത്രിയർക്കീസ് ബാവ മെത്രാപ്പോലീത്തായാക്കി അങ്കമാലി ഭദ്രാസന ഭരണം നൽകി. ആലുവായിലെ വലിയ തിരുമേനി എന്നറിയപ്പെട്ടിരുന്ന തിരുമേനി പരുമല തിരുമേനിയുടെ ശിഷ്യനായിരുന്നു. തിരുമനസ്സിലെ സഹപാഠി കല്ലാശ്ശേരി പുന്നൂസ് റമ്പാൻ കക്ഷി മാറി വട്ടശ്ശേരിൽ തിരുമേനിക്ക് പിന്തുണ പ്രഖ്യാപിക്കുകയുണ്ടായി. (സ്ഥാനഭ്രൃഷ്ടനാക്കപ്പെട്ട അബ്ദുൾ മശിഹാ ബാവായിൽ നിന്ന് മെത്രാൻ പട്ടം ലഭിച്ചു, തുടർന്ന് കാതോലിക്കായുമായി). 1946 ലാണ് വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് തിരുമേനിക്ക് പാത്രിയാർക്കീസ് ബാവ മെത്രാൻ പട്ടം നൽകിയത്. ആദ്യം സഹായ മെത്രാപ്പോലീത്തായായും വലിയ തിരുമേനിയുടെ കാലശേഷം അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായായും 1966 ൽ കാലം ചെയ്യും വരെ പ്രവർത്തിച്ചു. 1958 ൽ മലങ്കര സഭ ഒന്നായി. 1964 പ.പാത്രിയാർക്കീസ് യാക്കോബ് മൂന്നാമൻ ബാവ ഒരു കാതോലിക്കായെ (ഔഗേൻ പ്രഥമൻ ബാവാ) വാഴിച്ചു. പ. പാത്രിയർക്കീസ് ബാവയുടെ അനുഗ്രഹ കല്പ്പനയോടുകൂടി 1967 ൽ ഔഗേൻ ബാവ വാഴിച്ച ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി ഭദ്രാസന ഭരണം ഏറ്റെടുത്തു. 1975 ൽ താൻ മുടക്കപ്പെടും വരെ 8 വർഷം മാർ തെയോഫിലോസ് ഭരണം നടത്തി. തുടർന്നുണ്ടായ തർക്കങ്ങളും കേസുകളും ഇതുവരെ അവസാനിച്ചിട്ടില്ല. താത്കാലികമായി കാതോലിക്കാ പക്ഷത്തിന്റെ കൈവശത്തിലാണെങ്കിലും അനധി വിദൂര ഭാവിയിൽ ആലുവാ സെമിനാരി യഥാർത്ഥ അവകാശികളായ യാക്കോബായ സഭയിലെ അങ്കമാലി ഭദ്രാസന മെത്രാപ്പോലിത്തായ്ക്ക് ലഭിക്കും എന്ന് കരുതുന്നു. ആലുവാ സെമിനാരിയുടെ യഥാർത്ഥ അവകാശി പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയുടെ നേതൃത്വം അംഗീകരിക്കുന്ന അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായാണ്. ഇതൊക്കെ മറച്ച് വച്ച് ബോബി അച്ചൻ ആരെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുകയാണ്? അച്ചൻ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളണം.

# ദിദിമോസ് ബാവായെ സമുദായ കേസിൽ കക്ഷിചേർക്കുന്നതിനെതിരെ മെത്രാൻ കക്ഷികൾ സുപ്രീംകോടതിയിൽ കൊടുത്ത കേസിന്റെ പ്രസക്തഭാഗങ്ങൾ

IN THE SUPREME COURT OF INDIA
CIVIL APPELLATE JURISDICTION
I.A. NO: OF 2006
In
CIVIL APPEAL NO: 5460 of 2004

IN THE MATTER OF:

H.H. Moran Mar Baselios
Marthoma Mathews II & Ors. …….Appellants
Vs.
State of Kerala & Ors. …….Respondents

And in the matter of:

Moran Mar Baselios Mar Thoma Didymus-I …….Applicant
Vs.
State of Kerala & Ors. ……. Respondents

AFFIDAVIT

I Vinod. K.J., aged 25 years, S/o. K.C. Joseph, Kulangarayil House, Koottickal Kara and Village, Kanjirappally Taluk now at Ernakulam, Kerala State do hereby solemnly affirm and state as follows: -

1. I am the 1st Applicant in the above matter and am conversant with the facts of the case. Hence I am competent to swear this affidavit. I am swearing this affidavit for and on behalf other applicants also as specifically instructed by them.
2. That the contents of the accompanying Application for impleadment in I.A. No: 16/2006 have been drafted by my counsel on our instructions. I say that the averments made therein are true and correct to the best of my knowledge.
3. The Annexures filed along with this application are true copies of their original.All the facts above stated are true and correct to the best of my knowledge, information and belief.

VINOD. K.J.
DEPONENT

Solemnly affirmed and signed before me by the deponent on this the 20th day of March, 2006, in my office at Ernakulam

P.P. STELLA,
ADVOCATE

IN THE SUPREME COURT OF INDIA
CIVIL APPELLATE JURISDICTION
I.A. No: OF 2006
In
Civil Appeal No: 5460 of 2004

In the matter of:

1. His Holiness Moran Mar Baselios Marthoma, Mathews II The Catholicos of the East-cum- Malankara Metropolitan, Malankara Orthodox Syrian Church, residing at Devalokam, Muttambalam, Kottayam District, Kerala.
2. His Grace Dr. Mathews Mar Severios, Metropolitan, Secretary, Episcopal Synod, Bethel Aramana.
3. His Grace Dr. Mathews Mar Severios,Metropolitan, Meenpara, Puthencruz.
4. His Grace Abraham Mar Severuios, Metropolitan, Vengola, Perumbavoor.
5. His Grace Dr. Thomas Mar Athanasios, Metropolitan, Bishops House, Muvattupuzha.

APPLICATION UNDER ORDER I RULE 10 OF THE CODE OF CIVIL PROCEDURE AND ORDER XV RULE 32 OF THE SUPREME COURT RULES 1966 FOR IMPLEADMENT OF THE APPLICANTS IN I.A. No: 16/2006 AS ADDITIONAL RESPONDENTS 23 TO 26.

To

The Hon'ble the Chief Justice of India and his. Companion Judges of the Supreme Court of India. The humble petition of the above-named applicants.

MOST RESPECTFULLY SHOWETH.

1. 1. This application is for impleadment of the applicants as additional respondents 23 to 26 in I.A. No: 16/2006 in Civil Appeal No: 5460/2004. The applicants herein respectively are parishioners of St. Mary's Orthodox Church Koottickal in Kottayam Diocese, St. George Orthodox Church, Poozhikkad in Chengannoor Diocese, St. Mary's Orthodox Church, Arakunnam in Kochi Diocese and St. George Orthodox Church, Trikkalathoor in Angamaly Diocese of the Malankara Orthodox Syrian Church governed under 1934 Constitution.
2. 2. The application, I.A. No: 16/2006, is filed seeking impleadment by substitution of the applicant therein Moran Mar Baselious Mar Thoma Didymus-I in Civil Appeal No: 5460/2004 in the place of deceased 1st appellant Baselious Mar Thoma Mathews-II as successor-in-offices of the deceased original 1st appellant on his alleged claim that he is elected as Catholicose-Cum-Malankara Metropolitan of Malankara Orthodox Syrian Church by the Malankara Association in accordance with 1934 Church Constitution. His claim is unsustainable and hence the applicants herein oppose his prayer for impleadment as successor-in-offices of deceased 1st appellant.
3. 3. The 1st and 2nd applicants herein jointly instituted O.S. No: 670/2005 on 22/11/2005 before the Munsiff's Court Kottayam praying for the following reliefs.

"A. Declaring that the first defendant's assumption of the office of the **Malankara Metropolitan** and **Catholicos of the East** is illegal and without jurisdiction.

B. To restrain permanently the 1st defendant by an order of injunction from functioning as **Malankara Metropolitan** and **Catholicos of the East**.

C. To Direct the Episcopal Synod to make necessary arrangements to carry on the functions of the **Malankara Metropolitan** and **Catholicos of the East** in accordance with the provisions of the Constitution if second defendant is incapacitated in any manner.

A true copy of plaint in O.S. No: 670/2005 dated 22/11/2005 on the file of Munsiff's Court, Kottayam is produced herewith as **Annexure-I.**

4. Applicants 3 and 4 herein also jointly filed O.S. No; 1721/2005 on 22/12/2005 before the Munsiff's Court, Ernakulam praying for the following reliefs.

" a) Declare that the alleged consecration of the first defendant as **Catholicose and Malankara Metropolitan** at Parumala is illegal and violative of 1934 Constitution and therefore, non East, void ab initio and of no consequence.

b) Declare that the assumption of office by the first defendant as the **Malankara Metropolitan** is illegal, ultra virus and violate of 1934 Constitution, non east, void ab initio and of no consequence.

c) Granting permanent injunction restraining the first defendant from exercising any power claiming to be the **Catholicose and Malankara Metropolitan** of the Malankara Orthodox Syrian Church.

A true copy of the plaint dated 22/12/2005 on the file of Munsiff's Court, Ernakulam is produced herewith as **Annexure-II.** The applicant in I.A. No: 16 of 2006, who is the defendant in Annexures-I and II suits appeared through counsels and he is contesting the suits.

5. The Malankara Metropolitan who is a Trustee of the Common Trust properties of the church has to be elected by the Malankara Association as per Clause 97 of the Church Constitution and the Catholicose of the East has to be elected by the Malankara Association as per Clause 114 of the said Constitution. The election to the above said offices has to done by the duly constituted Malankara Association on the date when the vacancy arose. The claims of the petitioner in I.A. No: 16/2006 that he is the successor to the offices of Malankara Metropolitan and Catholicose elected so by the Malankara Association in the meeting held at Parumala on 10/09/1992 and this election stands approved by the Episcopal Synod on 21/09/1992 are not sustainable in law in the light of decisions of this Honorable Court reported in AIR. 1995 SC 2001, AIR 1996 SC 3121, AIR 1997 SC 1035, and orders dated 28/11/2001 and 12/07/2002 in Civil Appeal No: 8185/2001. This Honorable Court only accepted and approved the status of deceased 1st appellant as Catholicose and the status of deceased 1st appellant as Malankara Metropolitan stands approved by the Malankara Association meeting held at Parumala on 20/03/2002 and the same stands approved by this Honorable Court.

6. It is submitted that the applicant in I.A. No: 16/2006 was a party in Civil Appeal Nos: 4958 – 4960/1990 of this Honorable Court which stands disposed of as per decision judgment reported in AIR 1995 SC. 2001. As per the above judgment, this Honorable Court had ordered statusquo as on 01/01/1971 and further directed to amend Clauses 46 and 71 of the 1934 Constitution so as to ensure that the composition of Malankara Association must be structured as to represent the entire spectrum of the community.

7. Thereafter deceased 1st appellant was approved as the Malankara Metropolitan by the meeting of the Association on 20/03/2002 convened under orders of this Honorable Court. This Honorable Court has not recognized or approved any of the decisions of the rival faction after 01/01/1971. The alleged election of the petitioner in I.A. No: 16/2006 by the Malankara Association on 10/09/1992 as successor to the office of deceased 1st appellant and the alleged approval of the same by the Synod on 21/09/1992 are void in law in light of the judgment of this Honorable Court dated 20/06/1995 reported in AIR 1995 SC 2001. The present Malankara Association constituted as per orders of this Honorable Court has not approved or elected the applicant in I.A. No: 16/2006 as Malankara Metropolitan and Catholicose of the East.

8. The application, I.A. No: 16/2006 before this Honorable Court is for substitution of the applicant therein as a validly elected Catholicose-cum-Malankara Metropolitan. If the prayer is allowed the same will amount to declaration that he is a duly elected person according to the law in force at the time when vacancy arose. No such substitution can be allowed when there are serious disputes about the status of the person sought to be substituted. It is submitted that Annexures-I and II suits filed by the applicants herein seriously challenge the status of petitioner in I.A. No:16 /2006 as Catholicose-cum-Malankara Metropolitan and assumption of charge of these offices. Therefore, it is submitted that the prayer sought for in I.A. No: 16/2006 is an indirect attempt to avoid trial of the civil suits pending before the courts below.

9. The assumption of office of Malankara Metropolitan by the applicant in I.A. No: 16/2006 and the subsequent installation as Catholicose on 31/10/2005 are illegal and irregular for the reason that the same is not in conformity with the relevant provisions in this regard as contained in 1934 Church Constitution. The abrupt assumption of offices of Malankara Metropolitan and Catholicose by the applicant in I.A. No: 16/2006, is without the mandate of the present Malankara Association constituted under orders of this Honorable Court.

PRAYER

It is therefore most respectfully prayed that Your Lordship may be graciously pleased to

(i) order the impleadment of the applicants herein as Additional respondents 23 to 26 in I.A. No: 16/2006 in Civil Appeal No: 5460/2004 and

(ii) permit the applicants herein to oppose the prayer sought for in I.A. No; 16/2006 in Civil Appeal No: 5460/2004, in the interest of justice.

Drawn & Filed by, New Delhi,

Dated: 20/03/2006. Advocate for the Applicants.



*പ: പാത്രിയാർക്കീസ് ബാവയുടെ സ്ഥാനാരോഹണം ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച് ഫെഷ് ട്രിഫ്റ്റിന്റെ കോപ്പി ശ്രേഷ്ഠ ബാവാ തിരുമനസ്സുകൊണ്ട് അർമീനിയൻ ആർച്ച് ബിഷപ്പിനു നൽകുന്നു, ആർച്ച് ബിഷപ്പ് എൽദോ മാർ തീത്തൂസ് സമീപം*

**Editorial Board**

Very. Rev. Kuriakose Corepiscopa Moolayil ( Chairman)
Thomas Danial Cheppaud
Dr. Thomas Joseph
Nebu M. John Chennithala
John Philip Kottapparampil
Biju Kurian Mathew
Manoj Mathew
C.K. Joy
Bibby Abraham Kadavumbhagom (Chief Editor)
editor@viswasasamrakshakan.org
abrahambibby@yahoo.com
Pulickal Kavala, Vazhoor, Kottayam

**Advisory Board**

Chairman: Thampu George Thukalan (Sabha Secretary)
Prof. Chev. M.A. Paulouse
Chev. K.V. Paulouse
Chev. P.K. Paulose Kooran
Dr. Paul Samuel
Sinu P John
Baby Gleeson Zachariah
Chev. Thomas Abraham
Babu Maracheril
Babu Jacob Nadayil
Owned supported by
http://
www. moradaistudycentre.cjb.net
Cheeranchira, Changanacherry
686106, India
USA Addresses: 1995 Parkside Dr. #2N, Park Rldge, IL 60068 - 1060
email:
moolelachen@yahoo.com
moolelachen@hotmail.com
http://stgeorgechurchchicago.cjb.net
Tel: 847 635 4795 Cell: 224 522 2656

# വൈദീകർക്കും കന്യാസ്ത്രീകൾക്കും അഭിഭാഷകരാകാം– ഹൈക്കോടതി

വൈദികർക്കും കന്യാസ്ത്രീകൾക്കും അഭിഭാഷകരായി എന്റോൾ ചെയ്യാമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

വൈദീകർക്ക് അനുകൂലമായിരുന്ന സിംഗിൾ ബെഞ്ചിന്റെ വിധിയെ ചോദ്യം ചെയ്ത് കേന്ദ്ര ബാർകൗൺസിൽ നൽകിയ അപ്പീൽ ചീഫ് ജസ്റ്റീസ് വി. കെ. ബാലിയും, ജസ്റ്റീസ് ജെ. ബി. കോശിയും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് തള്ളി.

അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർ മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ പാടില്ലെന്നാണ് വ്യവസ്ഥ. വൈദീക വൃത്തി ഒരു തൊഴിലല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് വൈദികരെ പ്രാക്ടീസ് ചെയ്യാൻ ഡിവിഷൻ ബെഞ്ചും അനുവദിച്ചിട്ടുള്ളത്. വൈദിക വൃത്തി സ്വീകരിച്ചിട്ടുള്ളവർ സർക്കാർ–സ്വകാര്യസ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നതിൽ വിലക്കുകൾ ഏർപ്പെടുത്തിയിട്ടില്ലെന്ന് കോടതി പറഞ്ഞു. മാനുഷിക പരിഗണനകൾ നൽകി അവ ഉയർത്തിപ്പിടിച്ചുകൊണ്ട് സാമൂഹീക സേവനം നൽകാൻ വൈദീകർക്കും കന്യാസ്ത്രീകൾക്കുമുള്ള ശ്രേഷ്ഠമായ പങ്കിനെക്കുറിച്ച് സിംഗിൾ ബെഞ്ച് നടത്തിയിരുന്ന പരാമർശങ്ങൾ ഡിവിഷൻ ബെഞ്ച് ശരിവെയ്ക്കുകയും ചെയ്തു.

പ്രാക്ടീസ് ചെയ്യാൻ തങ്ങൾക്ക് അനുമതി നിഷേധിച്ച കേരള ബാർ കൗൺസിലിന്റെ ഉത്തരവിനെയാണ് ഫാദർ തോമസ് പുതുശ്ശേരി, സിസ്റ്റർ ടീന ജോസ്, സിസ്റ്റർ ടെസി എന്നിവർ കോടതിയിൽ ചോദ്യം ചെയ്തിരുന്നത്.

ചീഫ് എഡിറ്റർ: ബിബി എബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി.ഒ., വാഴൂർ.
editor@viswasasamrakshakan.org abrahambibby@yahoo.com
Sponsored by: Mor Adai Study Centre http://moradaistudycenter.cjb.net